നിന്ന് 35 കോടി രൂപ നിരക്കിൽ വായ്പയെടുക്കാൻ അനുമതി നൽകിയിരുന്നത് കെ.ഡി.ഡി.എഫ്.സി. പ്രതിമാസ വായ്പ 20 കോടി രൂപ നിരക്കിലാക്കി കുറച്ചു. ഇക്കാരണത്താൽ പ്രതിമാസം 35 കോടിയിൽപ്പരം വരുമാന കമ്മിറ്റിയിൽ പ്രവർത്തിക്കുന്ന കോർപ്പറേഷന് പെൻഷൻ സമയബന്ധിതമായി കൊടുക്കുവാൻ കഴിയില്ല. എന്നാൽ, നാളിതുവരെ കെ.എസ്.ആർ.ടി.സ്.-യിൽ പെൻഷൻ കുടിശ്ശിക വരുത്താതെ അതാതുമാസംതന്നെ നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ മാസാദ്യം ഒരു കൃത്യമായ ദിവസം നൽകുന്നതിന് കഴിയില്ല.

സർക്കാർ വാഹനങ്ങളിൽ ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതിന്റെ നടപടിക്രമങ്ങൾ

187 (1915) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വാഹനങ്ങളിൽ ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്താണെന്ന് വിശദമാക്കുമോ ;

(ബി) ചുവന്ന ടോപ് ലൈറ്റ് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുള്ള വരുടെ ലിസ്റ്റും ഉപയോഗക്രമവും വ്യക്തമാക്കുമോ ;

(സി) നീല ടോപ്പ് ലൈറ്റ് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുള്ള വരുടെ ലിസ്റ്റ് നൽകുമോ ;

(ഡി) കേന്ദ്ര വാഹനനിയമത്തിൽ ഇക്കാര്യങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളിൽ സംസ്ഥാനം എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വരുത്തിയിട്ടുള്ള മാറ്റത്തിന്റെ വിശദവിവരം നൽകുമോ ;

(ഇ) സ്വകാര്യവാഹനങ്ങൾ ഇത്തരം ടോപ് ലൈറ്റുകൾ ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിയമം ലംഘിച്ചവർക്കെതിരെ സംസ്ഥാനത്ത് എവിടെയെങ്കിലും കേസെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 108(1)(3) പ്രകാരം കാലാകാലങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉന്നത സ്ഥാനീയരെ വഹിച്ചുകൊണ്ടുപോകുന്ന വാഹനങ്ങളിൽ ചുവപ്പ് നിറത്തിലുള്ള ടോപ്പ് ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

കേന്ദ്ര മോട്ടാർ വാഹന ചട്ടം 108(2) പ്രകാരം ആരുടെയൊക്കെയോ വാഹനങ്ങളിൽ മിന്നിക്കത്തുന്ന നീലടോപ്പ് ലൈറ്റ് ഉപയോഗിക്കാമെന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുന്നതുനുമുള്ള അധികാരം സംസ്ഥാന സർക്കാരിനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര മോട്ടോർ വാഹന ചട്ടം 108 (3) പ്രകാരം ഉന്നത സ്ഥാനീയർക്ക് അകമ്പടി സേവിക്കുന്ന വാഹനങ്ങളുടെ മുകളിൽ നീല നിറത്തിലുള്ള മിന്നിക്കത്തുന്നതോ, അല്ലാത്തതോ ആയ നീല ടോപ്പ് ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

കേന്ദ്ര മോട്ടോർ വാഹന ചട്ടം 108(4) പ്രകാരം അടിയന്തര ചുമതലകൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് സംസ്ഥാന സർക്കാർ ഉത്തരവിനനുസൃതമായി നീല, ചുമപ്പ്, വെള്ള തുടങ്ങിയ നിറങ്ങളിലുള്ള മൾട്ടി കളർ ടോപ്പ് ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 108(1)(3)-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 11-1-2002 തീയതിയിൽ നോട്ടിഫിക്കേഷൻ നം.എസ്.ഒ.52(ഇ) പുറപ്പെടുവിച്ചിട്ടുണ്ട്. 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 108(1)(3), 108(2), 108(3), 108(4). എന്നീ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 16-7-2003-ൽ നോട്ടിഫിക്കേഷൻ ജി.ഒ.(പി) നം. 32/3/ട്രാൻ. പുറത്തിറക്കിയിട്ടുണ്ട്.

(ബി) 11-1-2002 തീയതിയിലെ എസ്. ഒ. 52(ഇ) പ്രകാരം താഴെ പറയുന്ന ഉന്നത സ്ഥാനീയരെ വഹിച്ചുകൊണ്ടുപോകുന്ന വാഹനത്തിന് ഡ്യൂട്ടിയിലായിരിക്കുന്ന സമയത്ത് രാജ്യത്തെവിടെയും മിന്നിക്കത്തുന്ന ചുമന്ന ടോപ്പ് ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

1. രാഷ്ട്രപതി
2. ഉപരാഷ്ട്രപതി
3. പ്രധാനമന്ത്രി
4. മുൻ രാഷ്ട്രപതി
5. ഉപ പ്രധാനമന്ത്രി
6. ഇന്ത്യയുടെ ചീഫ് ജസ്റ്റിസ്
7. ലോക് സഭാസ്പീക്കർ
8. യൂണിയൻ കാബിനറ്റ് മന്ത്രിമാർ
9. ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷൻ
10. മുൻ പ്രധാനമന്ത്രിമാർ
11. രാജ്യസഭയിലെയും, ലോക് സഭയിലെയും പ്രതിപക്ഷ നേതാക്കൾ
12. സുപ്രീം കോടതി ജഡ്ജിമാർ

മേൽ പ്രസ്താവിച്ച ഉത്തരവുപ്രകാരം താഴെപ്പറയുന്ന ഉന്നതസ്ഥാനീയരെ വഹിച്ചുകൊണ്ടുപോകുന്ന വാഹനത്തിൽ രാജ്യത്തെവിടെയും ഡ്യൂട്ടിയിലായിരിക്കുന്ന സമയത്ത് സ്ഥിരമായി കത്തുന്ന ചുവന്ന ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

1. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ
2. കംട്രോൾ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ
3. ഡെപ്യൂട്ടി ചെയർമാൻ, രാജ്യസഭ
4. ഡെപ്യൂട്ടി സ്പീക്കർ, ലോക് സഭ
5. യൂണിയനിലെ സംസ്ഥാന മന്ത്രിമാർ
6. ആസൂത്രണ കമ്മീഷൻ അംഗങ്ങൾ
7. അറ്റോർണി ജനറൽ ഓഫ് ഇന്ത്യ
8. കാബിനറ്റ് സെക്രട്ടറി.
9. ഫുൾ ജനറൽ അഥവാ തത്തുല്യ പദവി വഹിക്കുന്ന മൂന്ന് സേനാ വിഭാഗങ്ങളിലെയും ചീഫ് ഓഫ് സ്റ്റാഫുമാർ.
10. യൂണിയൻ ഡെപ്യൂട്ടി മിനിസ്റ്റർമാർ
11. ലഫ്റ്റനന്റ് ജനറൽ അഥവാ തത്തുല്യ പദവി വഹിക്കുന്ന മൂന്ന് സേനാ വിഭാഗങ്ങളിലെയും ഒഫിഷിയേറ്റിംഗ് ചീഫ് ഓഫ് സ്റ്റാഫുമാർ.
12. ചെയർമാൻ, സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ
13. ചെയർമാൻ, ന്യൂനപക്ഷ കമ്മീഷൻ
14. ചെയർമാൻ, പട്ടികജാതി, പട്ടികവർഗ്ഗ കമ്മീഷൻ.
15. ചെയർമാൻ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ.

മേൽ പ്രസ്താവിച്ച ഉന്നത സ്ഥാനിയരെ വഹിച്ചുകൊണ്ട് പോകാത്ത സന്ദർഭങ്ങളിൽ ടോപ്പ് ലൈറ്റ് കറുത്ത കവർ കൊണ്ട് മറയ്ക്കേണ്ടതാണ്.

6-7-2003 തീയതിയിലെ ജി.ഒ. (പി) നം. 32/03/ ട്രാൻ. പ്രകാരം താഴെ പറയുന്ന ഉന്നത സ്ഥാനീയരെ വഹിച്ചുകൊണ്ടുപോകുന്ന വാഹനങ്ങളിൽ ചുവന്ന ടോപ്പ് ലൈറ്റ് ഉപയോഗിക്കാവുന്നതാണ് :

1. കേരള ഗവർണ്ണർ
2. കേരള മുഖ്യമന്ത്രി
3. കേരള നിയമസഭാ സ്പീക്കർ
4. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്
5. കേരള സംസ്ഥാന മന്ത്രിമാർ
6. കേരള നിയമസഭയിലെ പ്രതിപക്ഷനേതാവ്

LIBRARY ARCHIVES Kerala Legislative Assembly

7. സർക്കാർ ചീഫ് വിപ്പ്

8. കേരള ഹൈക്കോടതിയിലെ ജഡ്ജിമാർ

9. കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ

10. കേരള സർക്കാർ ചീഫ് സെക്രട്ടറി

11. കേരള സംസ്ഥാന ലോക് ആയുക്ത

12. കേരള സംസ്ഥാന ഉപ ലോക് ആയുക്ത

13. സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വൈസ് ചെയർമാൻ

14. കേരള സംസ്ഥാന അഡ്വക്കേറ്റ് ജനറൽ

15. കേരള സംസ്ഥാനത്തിലെ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർ.

(സി) 16-7-2003 തീയതിയിലെ ജി.ഒ.(പി)നം.32/03 ട്രാൻ. അനുസരിച്ച് താഴെ പറയുന്ന ഉന്നത സ്ഥാനീയരെ വഹിച്ചുകൊണ്ടുപോകുന്ന വാഹനത്തിൽ മിന്നിക്കത്തുന്ന നീല ടോപ്പ്ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

1. കേരള സംസ്ഥാന സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ

2. ജില്ലാ കളക്ടർമാർ

3. ക്രമസമാധാന ചുമതല വഹിക്കുന്നതും, ജില്ലയുടെ അധികാരമുള്ളതുമായ സൂപ്രണ്ട് ഓഫ് പോലീസ് പദവിയിൽ കുറയാത്ത എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും

4. പ്രിൻസിപ്പൽ ഡിസ്ട്രിക്ട് ജഡ്ജ്

5. റവന്യൂ ഡിവിഷണൽ ഓഫീസർമാർ (സബ് ഡിവിഷണൽ മജിസ്ട്രേറ്റ്)

6. ക്രമസമാദാന ചുമതല വഹിക്കുന്ന സബ് ഡിവിഷണൽ പോലീസ് ഉദ്യോഗസ്ഥർ.

മേൽ പ്രസ്താവിച്ച ഉത്തരവുപ്രകാരം ഉന്നത സ്ഥാനീയരെ വഹിച്ചുകൊണ്ട് അകമ്പടി സേവിക്കുന്ന വാഹനങ്ങൾക്ക് മിന്നിക്കത്തുന്നതോ, അല്ലാത്തതോ ആയ നീല ടോപ്പ് ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

(ഡി) മാറ്റം വരുത്തിയിട്ടില്ല. 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് സംസ്ഥാന സർക്കാർ ജി.ഒ.(പി) നം. 32/03/ട്രാൻ. പുറപ്പെടുവിച്ചിട്ടുള്ളത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചട്ടം ലംഘിക്കുന്നവർക്കെതിരെ നടപടി എടുക്കാൻ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly